അഞ്ച് വർഷമായി ഒളിവിൽ കഴിഞ്ഞ പിടികിട്ടാപ്പുള്ളി പോലീസ് പിടിയിൽ. തിരുവനന്തപുരം നെയ്യാറ്റിൻകര ചെമ്പില വിളയിൽ സൽമാൻ (26)നെയാണ് പെരുമ്പാവൂർ പോലീസ് പിടികൂടിയത്. ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേനയുടെ നിർദ്ദേശപ്രകാരം മോഷണം തടയുന്നതിനുള്ള പ്രത്യേക പരിശോധനയിലാണ് ഇയാൾ പിടിയിലായത്